**Week -4**

# Weekly Devotions- ‘2016’ January.

## Are You an Ideal Father? - Deut:(6:6,7)

### നിങ്ങൾ ഒരു നല്ല പിതാവോ ?




പരേതനായ പാസ്റ്റർ പി.ഡി.ജോൺസൺ ന്റെ “ സ്വർഗ്ഗം ഭൂമിയിലാകുന്ന ദിനങ്ങൾ” എന്ന പുസ്തകത്തിൽ നിന്നും ഒരു ഭാഗം കുറിക്കട്ടെ. അദ്ദേഹം പകെടുത്ത ഒരു സഭായോഗത്തിൽ സാക്ഷി പറയുവാൻ അവസരം നൽകിയപ്പോൾ ഒരു പിതാവ് സഭയിലുള്ള സകലരുടേയും കുറ്റംമൂലമാണ് തന്റെ മകൻ വിശ്വാസത്തിലാകാത്തത് എന്ന പ്രസ്താവനയോടൊപ്പം കുറ്റങ്ങളും കണ്ടെത്തി നിരത്തി. അതിനുശേഷം ഏതോ വലിയ

കാര്യം ചെയ്ത സംതൃപ്തിയിൽ ഇരുന്ന പിതാവിനോട് പാസ്റ്റർ ജോൺസൺ ചോദിച്ചു “ സഹോദരാ അവന് മാതൃകയാക്കുവാൻ നിങ്ങൾപോലും ഇല്ലായിരുന്നുവോ ?” തന്റെ മകന് താനും മാതൃകയ ല്ലെന്ന് ആ പിതാവിന് അപ്പോഴാണ് ബോദ്ധ്യമായത്.

ആവ: (6:6,7)വാക്യങ്ങൾ വായിക്കുന്ന ഒരു പിതാവിന് തങ്ങളുടെ ഉത്തരവാദിത്തം വ്യക്തമാകുന്നു. തങ്ങളെ നടത്തിയ വിധങ്ങളെപ്പറ്റിയും , ലഭിച്ച സുരക്ഷിതത്വത്തെപ്പറ്റിയും ഒരു പിതാവ് അറിഞ്ഞിരിക്കണം. കൂടാതെ ഏക സത്യദൈവത്തെ, പൂർണ്ണഹൃദയത്തോടും ,പൂർണ്ണമന സ്സോടും , പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കേണം എന്നകല്പന മറന്നു പോകാതെ ഹൃദയത്തിൽ സൂക്ഷിക്കുന്ന പിതാവായിത്തീരേണം എന്നുള്ള വലിയ ചുമതലയാണ് ദൈവം പിതാക്കൻമാരെ ഏല്പിച്ചിരിക്കു ന്നത്. ഈ കാര്യങ്ങൾ മക്കൾക്ക് വീട്ടിൽ ഇരിക്കുമ്പോഴും, വഴി നടക്കു മ്പോഴും ഉപദേശിച്ച് കൊടുക്കുവാനും മറക്കരുത് എന്നും മുന്നറിയിപ്പ് നൽകിയിരുന്നു.

ദൈവവചനത്തിൽ ഒരാളുടെ ഉയർച്ചയും, താഴ്ചയും, പാപവും, ചതിവും, കാപട്യവും, മ്ലേച്ഛമായ ജീവിതം നയിച്ചവരെപ്പറ്റിയും, പത്രോ സിന്റെ തള്ളിപ്പറച്ചിലും എല്ലാം പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കു ന്നത് യാഥാർത്ഥ്യങ്ങൾ നാം മനസ്സിലാക്കുവാനാണ്. ഇതു മനസ്സിലാക്കി മാതാപിതാക്കൾ വചന സത്യങ്ങൾ മക്കൾക്ക് പറഞ്ഞു കൊടുക്കണം.

അപകട സൂചനകൾ തരുന്ന ബോർഡുകൾ ചില പ്രത്യേകസ്ഥലങ്ങ ളിൽ നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ. ഇത് നാം അപകടത്തിൽ ചാടുവാനല്ല,

പിന്നെയോ നാം സൂക്ഷ്മതയോടെ മുൻപോട്ട് പോകുവാനാണ്. കുഞ്ഞുങ്ങളെ വിശ്വാസവും നന്മയും ഉള്ളവരാക്കി വളർത്തേണ്ട ആദ്യ ഉത്തരവാദിത്തം മാതാപിതാക്കൾക്കാണ്. ആദ്യപാഠ ശാല കുടുംബവും , അദ്ധ്യാപകർ മാതാപിതാക്കളുമാണ്.അതിനാൽ മാതാപിതാക്കൾ ഏറ്റവും നല്ല മാതൃകയുള്ളവരാകുക. ആരാധന മുടക്കാത്ത, സകലത്തിനും ദശാംശം നൽകുന്ന, സ്തോത്രം ചെയ്യുന്ന മാതാപിതാക്കളാകുവാൻ ദൈവം കൃപ ചെയ്യട്ടെ.

## പ്രാർത്ഥന

പ്രീയ യേശുവേ ! അങ്ങ് ഞങ്ങൾക്കു തന്ന കുടുംബത്തിനായിട്ടും, സഭയ്ക്കും സമൂഹത്തിനുമായിട്ടും സ്തോത്രം ചെയ്യുന്നു. എല്ലാവർക്കും നല്ല മാതൃകയായി ജീവിപ്പാൻ അങ്ങയോട് ചേർന്നു നടപ്പാൻ കൃപ ചെയ്യേണമേ,

ആമേൻ

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind